പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1895

04.05.2017 ൽ മറുപടിക്ക്

## മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് നിയന്ത്രണങ്ങൾ

**ചോദ്യം**

ശ്രീ.ജോർജ്.എം.തോമസ്

**മറുപടി**

ശ്രീ. എ.സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി)

(എ) വീടുനിർമ്മാണവുമായി ബന്ധപ്പെട്ട മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് എന്തെല്ലാം നിയന്ത്രണങ്ങളും നിബന്ധനകളുമാണ് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(എ) വീട് നിർമ്മാണവുമായി ബന്ധപ്പെട്ട് മൈനിംഗ് & ജിയോളജി വകുപ്പ് നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. വീട് നിർമ്മിക്കുന്നതിലേക്ക് ഭൂമി നിരപ്പാക്കുന്നതിന്റെ ഭാഗമായി ലഭിക്കുന്ന മണ്ണ് ഗതാഗതം ചെയ്യേണ്ടതുണ്ടെങ്കിൽ മൈനിംഗ് & ജിയോളജി വകുപ്പിൽ റോയൽറ്റി അടച്ച് പാസ്സ് കരസ്ഥമാക്കേണ്ടതുണ്ട്. മണ്ണ് പുറത്തു കൊണ്ടു പോകേണ്ടതില്ലെങ്കിൽ മൈനിംഗ് & ജിയോളജി വകുപ്പിന്റെ പ്രത്യേക അനുമതി ആവശ്യമില്ല.

(ബി) സാധാരണക്കാർക്ക് 10 സെന്റിൽ താഴെയുള്ള വസ്തുവിൽ വീട് നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് നീക്കുന്നതിനും ചെങ്കല്ല് വെട്ടിയെടുക്കുന്നതിനുമുള്ള നിബന്ധനകളിൽ ഇളവു വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഇളവുകൾ വരുത്തുന്ന കാര്യം പരിഗണിക്കുമോ?

(ബി) 300 സ്ക്വയർ മീറ്റർ വരെ തറ വിസ്തീർണ്ണം വരുന്ന വീടുകൾ നിർമ്മിക്കുന്നതിന് മണ്ണ് നീക്കം ചെയ്യുന്നതിലേയ്ക്ക് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും പെർമിറ്റ് ആവശ്യമില്ലെന്നാണ് നിലവിലുള്ള ചട്ടം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ബിൽഡിംഗ് പെർമിറ്റിന്റെ മറവിൽ ഈ ചട്ടം ദുരുപയോഗം ചെയ്ത് അനിയന്ത്രിതമായി മണ്ണ് നീക്കം ചെയ്തു എന്ന് ബഹു.ഹൈക്കോടതി കണ്ടെത്തുകയും ഈ ചട്ടം ultravires ആണെന്നു പ്രഖ്യാപിക്കുകയും മണ്ണ് നീക്കം ചെയ്യേണ്ടിവരുന്ന ഏതൊരാവശ്യത്തിനും പാരിസ്ഥിതികാനുമതി നിർബന്ധമാക്കുകയും ചെയ്തിരുന്നു. ഈ ഹൈക്കോടതി വിധി ഗൃഹനിർമ്മാണത്തെ സാരമായി ബാധിക്കുമെന്നതിനാൽ ഹൈ

ക്കോടതിയിൽ അപ്പീൽ സമർപ്പിച്ച് സ്റ്റേ സമ്പാദിച്ച് പാരിസ്ഥിതികാനുമതി സമ്പാദിക്കുന്നതിൽ നിന്നും ഇളവു നേടിയിരിക്കുകയാണ്. ഈ സ്റ്റേയുടെ അടിസ്ഥാനത്തിൽ നിലവിൽ പാരിസ്ഥിതികാനുമതി ഇല്ലാതെ 300 സ്ക്വയർ മീറ്റർ തറ വിസ്തീർണ്ണം വരുന്ന ഗൃഹ നിർമ്മാണത്തിന് മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നല്കുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വീട് നിർമ്മാണത്തിന് ലഭിച്ച പെർമിറ്റിന്റെ മറവിൽ അനിയന്ത്രിതമായ മണ്ണ് ഖനനം തടയുന്നതിന് ആവശ്യമായ നിബന്ധനകൾ ഉൾപ്പെടുത്തി ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടുതൽ ഇളവുകൾ നല്കുന്ന കാര്യം പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ